# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2022/63

തിരുവനന്തപുരം
31.08.2022

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) യെ ബോർഡുതല ചർച്ചകളിൽ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച്.

KSEBL യിലെ ജീവനക്കാരെ ബാധിക്കുന്ന നിരവധി വിഷയങ്ങളിൽ അംഗീകാരരത്തിന്റെ പേര് പറഞ്ഞ് രജിസ്ട്രേഡ് സംഘടനകളെ ചർച്ചകളിൽ പങ്കെടുപ്പിക്കുന്നില്ലായെന്നുള്ളത് പ്രതിഷേധാർഹമാണ്. മുൻ കീഴ്‌വഴക്കം അനുസരിച്ച് പ്രധാനപ്പെട്ട വിഷയങ്ങളിൽ എല്ലാ രജിസ്ട്രേഡ് സംഘടനകളെയും ചർച്ചകളിൽ പങ്കെടുപ്പിക്കാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ സേഫ്റ്റി സംബന്ധിച്ച ചർച്ചകളിൽപോലും രജിസ്ട്രേഡ് സംഘടനകളെ വിളിക്കുന്നില്ലായെന്നത് ജനാധിപത്യ വിരുദ്ധവും തൊഴിൽ നിയമങ്ങൾക്ക് എതിരുമാണ്. ഇന്ന് സേഫ്റ്റി കമ്മീഷ്ണർ വിളിച്ച ചർച്ചയിൽ ക്ഷണിക്കപ്പെട്ട് വന്നവരെ അധിക്ഷേപിക്കുന്ന സാഹചര്യം ഉണ്ടായത് പ്രതിഷേധാർഹമാണ്. 2022 ൽ നടന്ന റഫറണ്ടത്തിൽ ഒരു സംഘടനയ്ക്ക് മാത്രമാണ് അംഗീകാരം ലഭിച്ചിരിക്കുന്നത് എന്നത് അംഗീകരിച്ചുകൊണ്ടുതന്നെ വ്യക്തമാക്കുന്നു അവർക്ക് 53% വോട്ട് മാത്രമാണുള്ളത്. ബാക്കി 47% അംഗീകാരത്തിന് അപ്പുറമാണ്. 2015-2020 കാലഘട്ടത്തിൽ അംഗീകാരം ഉള്ളവർ 90% ഉണ്ടായിരുന്നു. ഇപ്പോൾ അവസ്ഥ അതല്ല. സേഫ്റ്റി ഉൾപ്പടെയുള്ള വിഷയങ്ങൾ എല്ലാ ജീവനക്കാരെയും ബാധിക്കുന്നതാണ്. അതുകൊണ്ട് എല്ലാ സംഘടനകളും പ്രതിനിധാനം ചെയ്യുന്ന സംഘടനാ പ്രതിനിധികൾ ചർച്ചകളിൽ വേണമെന്നുള്ളത് സ്ഥാപനത്തിന്റെ നല്ല രീതിയിലുള്ള പ്രവർത്തനത്തിന് ആവശ്യമാണ്. മറിച്ച് 47% പേരുടെ പിന്തുണ വേണ്ടായെന്ന് തീരുമാനിച്ചാൽ, അംഗീകാരമുള്ള ഒരു സംഘടനയെ മാത്രം വിളിച്ചാൽ മതിയാകും. സാലറി കട്ട്, സാലറി ചലഞ്ച് തുടങ്ങിയ അവസരങ്ങളിൽ എല്ലാവരേയും വിളിക്കാറുണ്ട് എന്നുള്ളതും പ്രത്യേകം ശ്രദ്ധേയമാണ്.

ആയതിനാൽ ബോർഡുതല ചർച്ചകളിലും സേഫ്റ്റി ചർച്ചകളിലും കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) യെ പങ്കെടുപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| പ്രസിഡന്റ് | വർക്കിംഗ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി |
|---|---|---|